(ഇ) തല്ക്കാലം ഈ അപേക്ഷകൾ പരിഗണിക്കുന്നില്ല.

ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനം

59 (2934) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള അദ്ധ്യാപകരെ സീനിയോറിറ്റി നോക്കാതെ തന്നെ ഹെഡ്മാസ്റ്റർമാരായി നിയമിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിന് ഉണ്ടെന്ന സുപ്രീംകോടതി വിധി വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂളിന് ബാധകമാണോ ;

(ബി) എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിൽ ഹെഡ്മിസ്ട്രസ് ആയി നിയമിതയായ റവ: സിസ്റ്റർ അന്നമ്മയുടെ നിയമനത്തിന് ഗവൺമെന്റ് അംഗീകാരം നിരസിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇവരുടെ നിയമനം നിരസിച്ചത് പുനഃപരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ മാനന്തവാടി രൂപത സ്ഥാപിച്ചതല്ല. മറിച്ച് കൈമാറ്റം ചെയ്ത് കിട്ടിയതാണ്. പ്രസ്തുത സ്കൂൾ ന്യൂനപക്ഷ സമുദായം സ്ഥാപിച്ചതാണെന്ന് തെളിയിക്കാനുള്ള രേഖകൾ ഒന്നും തന്നെ മാനേജ്മെന്റ് ഹാജരാക്കാത്തതിനാൽ ഇതു സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവ് ടി സ്കൂളിന് ബാധകമല്ല. സിസ്റ്റർ അന്നമ്മയേക്കാൾ സീനിയറും ഹെഡ്മാസ്റ്റർ പദവിക്ക് യോഗ്യതയുമുള്ള എച്ച്. എസ്. എ. മാർ സർവീസിൽ ഉണ്ട്. ഈ സാഹചര്യത്തിലാണ് സിസ്റ്റർ അന്നമ്മയ്ക്ക് ഹെഡ്മിസ്ട്രസ്സായി പ്രൊമോഷൻ നൽകിയത് അംഗീകരിക്കാതിരുന്നത്.

(സി) മേൽ തീരുമാനം പുനഃപരിശോധിക്കണമെന്ന മാനേജരുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ്

60 (2935) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ് സർക്കാർ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly